**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2910** **13-12-2022 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേനയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സാംസ്കാരിക വകുപ്പ് മുഖേന തൃശ്ശൂർ മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (എ) | സാംസ്കാരിക വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന സൗജന്യ സാമൂഹ്യ കലാപരിശീലന പദ്ധതിയായ വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൽ തൃശ്ശൂർ നിയോജക മണ്ഡലത്തിലെ തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ 9 കലാപരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത 9 കലാപരിശീലന കേന്ദ്രങ്ങളിലായി നിലവിൽ 12 കലാകാരന്മാർ വിവിധ കലാരൂപങ്ങളിൽ പരിശീലനം നൽകി വരുന്നു. പദ്ധതി മാർഗ്ഗ നിർദ്ദേശ പ്രകാരം നിശ്ചിത എണ്ണം ക്ലാസ്സുകളെടുക്കുന്ന കലാകാരന്മാർക്ക് പ്രതിമാസം 10,000/- രൂപ സാംസ്കാരിക വകുപ്പിൽ നിന്നും 7,500/- രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകി വരുന്നുണ്ട്.<br><br>തൃശ്ശൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കേരള സാഹിത്യ അക്കാഡമി, കേരള സംഗീത നാടക അക്കാഡമി, കേരള ലളിതകലാ അക്കാഡമി എന്നീ സാംസ്കാരിക സ്ഥാപനങ്ങളുടെ പദ്ധതികൾ സംസ്ഥാനാടിസ്ഥാനത്തിലാണ് നടപ്പിലാക്കി വരുന്നത്. തൃശ്ശൂർ മണ്ഡലത്തിൽ മഹാകവി വള്ളത്തോളിന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ഇത് സംബന്ധിച്ച നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ